# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1820** — **08-06-2018 ൽ മറുപടിയ്ക്ക്**

### പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടെ കീഴിലും നാളിതുവരെ എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;വിശദാംശം ലഭ്യമാക്കുമോ ; | (എ) | 1.) വിധവ/വിവാഹബന്ധംവേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. ഈ പദ്ധതിയ്ക്ക് 2017-18 വർഷം വകയിരുത്തിയ 500 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>2.) എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. ഈ പദ്ധതിയിൽ 2016-17 വർഷം 150 ലക്ഷം രൂപയും 2017-18 വർഷം 250 ലക്ഷം രൂപയും വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മൂന്ന് പുതിയ പദ്ധതികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്.<br>1 നേഴ്സിങ്ഡിപ്ലോമ / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. (വകയിരുത്തിയ തുക 75 ലക്ഷം)<br>2 സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (വകയിരുത്തിയ തുക 60 ലക്ഷം)<br>3 ന്യൂനപക്ഷ യുവജനങ്ങൾക്കുള്ള പ്രീ മാരിറ്റൽകൗൺസിലിങ് പദ്ധതി (വകയിരുത്തിയ തുക 80 ലക്ഷം). |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ നിർത്തലാക്കിയത്; ഇതു മൂലം എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | പദ്ധതികളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല |

**സെക്ഷൻ ഓഫീസർ**